# വേമ്പനാട്ട് കായലിൽ വിഷം കലർത്തുന്നു

വേമ്പനാട്ട് കായൽ ബോട്ടുടമകളും കർഷകരും തമ്മിലുള്ള ഉരസലിന് വേദിയാവുകയാണ്. തർക്കവിഷയം - വേമ്പനാട്ട് കായലിലെ പായലും ജലസസ്യങ്ങളും.

തിങ്ങിനിറഞ്ഞ കളവാഴയും ആഫ്രിക്കൻപായലും കാരണം കായലിലൂടെ ഹൗസ്ബോട്ടുകളും സ്പീഡ്ബോട്ടുകളും ഓടിക്കാൻ വല്ലാത്ത ബുദ്ധിമുട്ടുകൾ നേരിടുന്നു എന്നാണ് ബോട്ടുടമകൾ പറയുന്നത്. ടൂറിസ്റ്റ് സീസണായതോടെ പായൽ നശിപ്പിക്കാൻ തയ്യാറെടുക്കുകയാണ് അവർ. 'റൗണ്ടപ്പ്' എന്ന കളനാശിനി പ്രയോഗിക്കാനാണ് അവരുടെ ഉദ്ദേശ്യം എന്നറിഞ്ഞതോടെ കായൽതീരത്തെ കർഷകരും ജനങ്ങളും പ്രതിഷേധവുമായി രംഗത്തെത്തിയിരിക്കുകയാണ്.

അതിമാരകശക്തിയുള്ള കളനാശിനിയാണ് 'റൗണ്ടപ്പ്'. വിയറ്റ്നാം യുദ്ധകാലത്ത് കാടുകളിലൊളിച്ചിരുന്ന വിയറ്റ്നാം ഒളിപ്പോരാളികളെ കണ്ടെത്താനായി അമേരിക്ക ഹെലികോപ്റ്ററുപയോഗിച്ച് റൗണ്ടപ്പ് തെളിച്ച് വനമേഖല മൊത്തം ഒറ്റ പച്ചിലപോലും ഇല്ലാത്തതാക്കി മാറ്റിയ സംഭവം 'റൗണ്ടപ്പി'ന്റെ ഉഗ്രതയ്ക്ക് സാക്ഷ്യപത്രമാണ്.

ഈ മാരകവിഷം കൂടി ഉപയോഗിക്കുന്നതോടെ ഇപ്പോൾത്തന്നെ ദുഷിച്ചിരിക്കുന്ന കുട്ടനാടൻ കാർഷികമേഖല ഭീകരമായ ദുരന്തങ്ങൾ ഏറ്റുവാങ്ങേണ്ടിവരുമെന്ന് ദേശവാസികൾ ചൂണ്ടിക്കാണിക്കുന്നു.

വേമ്പനാട്ട് കായലിൽ നിന്നും മത്സ്യം പിടിച്ച് അതുകൊണ്ടുമാത്രം ഉപജീവനം നടത്തുന്ന ആയിരക്കണക്കിന് കുടുംബങ്ങളുണ്ട്. തണ്ണീർമുക്കം ബണ്ട് നിർമ്മിച്ചതോടെതന്നെ വേമ്പനാട്ട് കായലിലെ മത്സ്യസമ്പത്ത് പകുതിയായി കുറഞ്ഞുകഴിഞ്ഞു. ബണ്ട് നിലവിൽ വന്നതോടെ ബണ്ടിന്റെ തെക്കുഭാഗത്തുവന്ന കായലിന് അറബിക്കടലുമായുള്ള ബന്ധം മുറിഞ്ഞു. മത്സ്യസമ്പത്ത് കുറയാൻ മാത്രമല്ല, ഇപ്പോഴത്തെ പായൽപ്രശ്നത്തിനും കാരണം ബണ്ടുതന്നെയാണ്.

ബണ്ടുവരുംമുമ്പ്, കടലിൽ നിന്നും കായലിലേയ്ക്ക് ഓരുവെള്ളം കയറുന്ന സമയത്ത് കായലിലെ പായലുകളും കളകളും നശിക്കാറുണ്ടായിരുന്നു. ഉപ്പുരസം കലർന്ന വെള്ളത്തിൽ ശുദ്ധജലസസ്യങ്ങൾക്ക് നിലനിൽക്കാനാവില്ലല്ലോ. അങ്ങിനെ ഓരോ വർഷവും മനുഷ്യരുടെ ഇടപെടൽ കൂടാതെ തന്നെ പായൽ നിയന്ത്രിക്കപ്പെട്ടാറുണ്ടായിരുന്നു. ബണ്ട് വന്നതോടെ ഓരുവെള്ളം കയറാതായി. അതാണ് പായൽ പെരുകാൻ കാരണം.

പക്ഷെ, പായൽ നശിപ്പിക്കാൻ കളനാശിനി പ്രയോഗിക്കുമ്പോൾ പായൽ മാത്രമല്ല, മത്സ്യസമ്പത്തും വൻതോതിൽ നശിപ്പിക്കപ്പെടും. കായൽജലം പാചകാവശ്യങ്ങൾക്കുപയോഗിക്കുന്ന കുടുംബങ്ങളെ ഗുരുതരമായ ആരോഗ്യപ്രശ്നങ്ങൾ ബാധിക്കുകയും ചെയ്യും. അതുകൊണ്ട് കായലിലെ കളനാശിനിപ്രയോഗം തടയേണ്ടതാണെന്ന കാര്യത്തിൽ രണ്ടഭിപ്രായം വരേണ്ട കാര്യമില്ലല്ലോ. ബോട്ടുകൾക്ക് ഓടാൻ മാത്രമുള്ളതല്ലല്ലോ വേമ്പനാട്ടുകായൽ.